ഇപ്രകാരം നൽകുന്ന ഫർണിച്ചറുകൾ ട്രാൻസ്പോർട്ടേഷനിൽ നഷ്ടപ്പെടുന്നു എന്ന ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(ഇ ആന്റ് എഫ്). ഓഫീസ്/സ്കൂൾ മേലധികാരികൾ നേരിട്ടോ അവർ ചുമതലപ്പെടുത്തിയ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻമാർ വഴിയോ വ്യക്തമായ കൈപ്പറ്റു രസീത് വാങ്ങിയശേഷമാണ് ഫർണിച്ചറുകൾ നൽകുന്നത്. അതിനാൽ നഷ്ടപ്പെടുവാനുള്ള സാധ്യതയില്ല. പത്രവാർത്തയിൽ വ്യക്തമായ ആരോപണങ്ങൾ ഇല്ലാതിരുന്നതിനാൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല.

ഭരണ നവീകരണ പരിപാടിയുടെ വിലയിരുത്തൽ

14 [812] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണ പരിപാടിയുടെ ഭാഗമായി ഇതുവരെ ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-11-2003-ലെ സർക്കാർ ഉത്തരവ് (എം. എസ്സ്.) നമ്പർ 345/03/പൊ.ഭ.വ പ്രകാരം അംഗീകരിക്കപ്പെട്ടതും 17 ഭരണ വകുപ്പുകൾ വഴി നിർവഹിക്കേണ്ടതുമായ 93 ഉദ്യമങ്ങളിൽ വ്യവസായ വകുപ്പ്, വിവര സാങ്കേതിക വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്, പൊതുഭരണവകുപ്പ് മുതലായവയുമായി ബന്ധപ്പെട്ട ഏതാനും ഉദ്യമങ്ങളുടെ നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞു. മറ്റുള്ളവയുടെ കാര്യത്തിൽ നിർവ്വഹണത്തിനാവശ്യമായ ബജറ്റ് തയ്യാറാക്കൽ, സാങ്കേതിക സഹായം ആവശ്യമുള്ള മേഖലകളുടെ കണ്ടെത്തൽ, നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ എന്നിവ പുരോഗമിക്കുന്നു. ഇവ കൂടാതെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസിന് ഒരു വെബ്സൈറ്റ് തുടങ്ങുന്നതിനും കളക്ടറേറ്റുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 'ഡി.സി. സ്യൂട്ട്' എന്ന പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി അംഗീകരിച്ച സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണത്തിനായി വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 2605 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) നിർവ്വഹണം പ്രാരംഭ ദശയിലാണ്. നിർവ്വഹണത്തിന്റെ മേൽനോട്ടത്തിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ ശൃംഖല വഴി പദ്ധതി മേൽനോട്ടത്തിനുള്ള 'പ്രോഗ്രാം പെർഫോർമൻസ് മാനേജ്മെന്റ് സിസ്റ്റം' തയ്യാറാക്കുന്നുണ്ട്.

സംസ്ഥാനത്ത് സന്ദർശനം നടത്തിയ വിദേശപൗരന്മാർ

15 [813] **ശ്രീ. കോവൂർ കുഞ്ഞുമോൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ അതിഥികളായി എത്ര വിദേശ പൗരന്മാർ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അവർ ഏതെല്ലാം രാജ്യക്കാർ ആണെന്നും എന്തെല്ലാം ആവശ്യത്തിന് സംസ്ഥാനം സന്ദർശിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് എന്തു തുക ചെലവായി എന്നും ആയതിന് മുൻകൂർ അനുമതി നൽകിയിരുന്നോ എന്നും വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ അതിഥികളല്ലാതെ കേരളം സന്ദർശിച്ച ഏതെങ്കിലും വിദേശികൾ സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ അതിഥികളായി 48 വിദേശ പൗരന്മാർ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. അവരുടെ വിവരങ്ങൾ അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്. †

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് ചെലവായ തുകയുടെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ നിയമിക്കാൻ നടപടി

16 [814] **ശ്രീ. കെ. വി. കുഞ്ഞിരാമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷ പ്രദേശത്തുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള ഓഫീസർമാരെ നിയമിക്കണമെന്നതനുസരിച്ച് യോഗ്യതയുള്ളവരില്ലെങ്കിൽ തൊട്ടു ജൂനിയർ ഓഫീസറെ പ്രമോട്ടുചെയ്ത് നിയമിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly